REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 01-03-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ മാതൃകാ ടൗൺഷിപ്പ് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 178 വീടുകൾ ആദ്യഘട്ടത്തിൽ കൈമാറും.**
- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രാവിലെ തൃശ്ശൂരിൽ എത്തും.**
- **ജസ്റ്റിസ് JB കോശി കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പ്രസിദ്ധീകരിച്ചു.**
- **ഇറാനിലെ പരമോന്നത നേതാവ് അയത്തുള്ള അലി ഖമനേയി വധിക്കപ്പെട്ടതായി അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ്.**
- **ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് അവസാന സൂപ്പർ- 8 മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ നേരിടും.**

## വാർത്തകൾ വിശദമായി

**മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്ക് ഇന്ന് ആശ്വാസത്തിന്റെ ദിവസം. പുനരധിവാസത്തിന് സംസ്ഥാന ഗവൺമെന്റ് കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ ഒരുക്കിയ മാതൃകാ ടൗൺഷിപ്പിന്റെ ഒന്നാംഘട്ടം രാവിലെ 11 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

**410 വീടുകളിൽ നിർമ്മാണം പൂർത്തിയായ 178 വീടുകളാണ് ആദ്യഘട്ടത്തിൽ കൈമാറുന്നത് .**

**വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്.**

....(വോയ്സ്)..........

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രാവിലെ തൃശ്ശൂരിൽ എത്തും. അദ്ദേഹത്തിന്റെ സന്ദർശനത്തിന് എല്ലാവിധ ഒരുക്കങ്ങളും പൂർത്തിയായി.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

.......(വോയ്സ്)..........

✪✪✪

കൊല്ലം പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ശതാബ്ദി ആഘോഷം ഉച്ചകഴിഞ്ഞ് ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഓർത്തഡോക്സ് സഭാധ്യക്ഷൻ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയുടെ അധ്യക്ഷതയിൽ ചേരുന്ന പരിപാടിയിൽ ക്യാമ്പസിൽ നിർമ്മിച്ച കെട്ടിട സമുച്ചയം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

✪✪✪

തമിഴ്നാട്ടിലും പുതുച്ചേരിയിലുമായി 7,100 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കമിടും.

പുതുച്ചേരിയിൽ PM, E- -ബസുകളുടെ ഉദ്ഘാടനം, സ്മാർട്ട് സിറ്റി മിഷന്റെ ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ, ഭവന നിർമ്മാണം എന്നിവയടക്കം 2,700 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിയ്ക്കും.

ശ്രീഅരബിന്ദോയുടെ 150-ാം ജന്മവാർഷികത്തോട നുബന്ധിച്ച് ഓറോവില്ലിൽ ആഗോള ആത്മീയ മഹോത്സവവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

ഉച്ച കഴിഞ്ഞ് , മധുരയിലേക്ക് പോകുന്ന പ്രധാനമന്ത്രി, അവിടെ, 4,400 കോടി രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. കുംഭകോണം, യേർക്കോട്, വെല്ലൂർ എന്നിവിടങ്ങളിൽ മൂന്ന് പുതിയ ആകാശവാണി FM റിലേ ട്രാൻസ്മിറ്ററുകൾക്കും പ്രധാനമന്ത്രി തുടക്കമിടും.

✪✪✪

ക്രൈസ്തവ ജന വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ജസ്റ്റിസ് JB കോശി കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെന്റ് ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ തിരുവനന്തപുരത്ത് വിളിച്ച ക്രൈസ്തവ സഭാ നേതാക്കളുടെ യോഗത്തിലാണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്ന തീരുമാനമറിയിച്ചത്.

കമ്മീഷൻ റിപ്പോർട്ടിലെ ഇതുവരെ നടപ്പിലാക്കിയ ശുപാർശകൾ യോഗത്തിൽ വിശദീകരിച്ചു. ഈ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. കേന്ദ്ര- സംസ്ഥാന നയങ്ങളും, നിയമങ്ങളും, ചട്ടങ്ങളും പരിഷ്ക്കരിച്ചാൽ മാത്രം നടപ്പാക്കാൻ കഴിയുന്ന ശുപാർശകളാണ് ഇനി ശേഷിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കമ്മീഷൻ റിപ്പോർട്ട് പുറത്തുവിട്ട ഗവൺമെന്റ് നടപടിയെ കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ സ്വാഗതം ചെയ്തു. വെബ്സൈറ്റിലെ വിവരങ്ങൾ പഠിച്ചശേഷം അഭിപ്രായമറിയിക്കാമെന്ന് സഭാ മേലധ്യക്ഷരും, പ്രതിനിധികളും അറിയിച്ചു.

✪✪✪

ഇറാനിലെ പരമോന്നത നേതാവ് അയത്തുള്ള അലി ഖമനേയി വധിക്കപ്പെട്ടതായി അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് അവകാശപ്പെട്ടു. ഇറാൻ ജനതയ്ക്ക് സ്വന്തം രാജ്യം തിരിച്ചുകിട്ടാൻ ലഭിച്ച ഏറ്റവും വലിയ അവസരമാണിതെന്ന് ട്രംപ് സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഇറാനെതിരായ ആക്രമണങ്ങൾ ഒരാഴ്ചയെങ്കിലും ഇനിയും തുടരുമെന്നും ട്രംപ് അറിയിച്ചു.

✪✪✪

ഇസ്രായേലിനും ഇറാനുമിടയിൽ സംഘർഷം രൂക്ഷമാകുന്ന സാഹചര്യത്തിൽ 444 വിമാനങ്ങൾ ഇന്ന് റദ്ദാക്കുമെന്ന് വ്യോമയാന മന്ത്രാലയം അറിയിച്ചു. യാത്രക്കാരുടെ സുരക്ഷയും യാത്രാനിയന്ത്രണങ്ങളും ഉറപ്പാക്കാൻ വിമാനക്കമ്പനികളുമായി ചേർന്ന് പ്രവർത്തിക്കുകയാണെന്നും മന്ത്രാലയം സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

ഇറാനിലെ സംഭവ വികാസങ്ങളുടെ പശ്ചാത്തലത്തിൽ വിമാനങ്ങൾ റദ്ദാക്കിയത് സംസ്ഥാനത്തെ വിമാനത്താവളങ്ങളേയും ബാധിച്ചു.

തിരുവനന്തപുരത്തു നിന്ന്   സ്മിതി M പള്ളുരുത്തി.

..............(വോയ്സ് )....................

✪✪✪

പശ്ചിമേഷ്യൻ സ്ഥിതിഗതികളുടെ സാഹചര്യത്തിൽ ഇസ്രയേലിലെയും, സിറിയയിലെയും ഇന്ത്യക്കാർക്ക്  എംബസികൾ ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

പശ്ചിമേഷ്യയിലെ സമാധാനത്തിനായി എല്ലാവരും പ്രാർത്ഥിക്കണമെന്ന് മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്തു.  ഗൾഫ് മേഖലയിലെ യുദ്ധഭീതി ഏറെ വേദനിപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു.  അവിടെ കഴിയുന്ന ഓരോ മനുഷ്യരും സുരക്ഷിതരാകട്ടെയെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കണമെന്നും അദ്ദേഹം കോഴിക്കോട്ട് ആവശ്യപ്പെട്ടു.

✪✪✪

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ യുദ്ധഭീതിയുടെ പശ്ചാത്തലത്തിൽ മലയാളികൾ ഉൾപ്പെടെ  ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് VD സതീശൻ പ്രധാനമന്ത്രിക്ക് കത്തയച്ചു. കേരളത്തിലെ ആയിരക്കണക്കിന് കുടുംബങ്ങൾ ആശങ്കാകുലരാണെന്ന് സതീശൻ കത്തിൽ നരേന്ദ്രമോദിയെ അറിയിച്ചു.

സംഘർഷ സാഹചര്യത്തിൽ ഇന്ത്യയിലേക്ക് മടങ്ങാനാഗ്രഹിക്കുന്നവരെ എത്തിക്കൻ നടപടി ആവശ്യപ്പെട്ട് AICC ജനറൽ സെക്രട്ടറി KC വേണുഗോപാലും പ്രധാനമന്ത്രിക്ക്  കത്തു നൽകി.

✪✪✪

ആന്ധ്രാപ്രദേശിലെ കാക്കിനഡ ജില്ലയിൽ പടക്കനിർമ്മാണ ശാലയിലെ സ്ഫോടനത്തിൽ 21 പേർ മരിച്ചു. സമർലാ കോട്ടയ്ക്ക് സമീപം വെറ്റ്ലാപാലം ഗ്രാമത്തിലാണ് ഇന്നലെ ഉച്ചകഴിഞ്ഞ് സ്ഫോടനമുണ്ടായത്. 13 പേർക്ക് അപകടത്തിൽ പരിക്കേറ്റു. സൂര്യശ്രീ ഫയർ വർക്സ്   എന്ന സ്ഥാപനത്തിലാണ് ദുരന്തമുണ്ടായത്. മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു സംഭവസ്ഥലം സന്ദർശിച്ച് അടിയന്തര വൈദ്യ സഹായത്തിനും രക്ഷാപ്രവർത്തനങ്ങൾക്കും നിർദ്ദേശം നൽകി.

✪✪✪

സുരക്ഷിത കേരളം ഇല്ലെങ്കിൽ വികസിത കേരളം സൃഷ്ടിക്കാൻ കഴിയില്ലെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജിവ് ചന്ദ്രശേഖർ പറഞ്ഞു. പാർട്ടിയുടെ ജാഗ്രതാ റാലി കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. LDF ന്റെയും, UDF ന്റെയും, നിലപാട് അവസരവാദമാണെന്ന് ആരോപിച്ച അദ്ദേഹം വികസനത്തിന്റെ രാഷ്ട്രീയമാണ് സംസ്ഥാനത്തിന് ആവശ്യമെന്ന് അഭിപ്രായപ്പെട്ടു. ജമാ അത്തെ ഇസ്ലാമിയുടെ കാഴ്ചപ്പാട് കൃത്യമായി മനസ്സിലാക്കണമെന്നും, രാജീവ് ചന്ദ്രശേഖർ പറഞ്ഞു. പരിപാടിയിൽ BJP സംസ്ഥാന സെൽ കോ ഓർഡിനേറ്റർ V.K സജീവൻ അധ്യക്ഷനായിരുന്നു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ ആദ്യ സ്ഥാനാർത്ഥി പട്ടികയിൽ ധാരണയുണ്ടാക്കാൻ KPCC പ്രസിഡന്റ് സണ്ണി ജോസഫും പ്രതിപക്ഷ നേതാവ് VD സതീശനും ഇന്ന് ഡൽഹിക്ക് പോയേക്കും. മധുസൂദനൻ മിസ്ത്രിയുടെ നേതൃത്വത്തിൽ സ്ക്രീനിംഗ് കമ്മറ്റി അംഗങ്ങളുമായി ഇവർ കൂടിക്കാഴ്ച്ച നടത്തുമെന്നാണ് റിപ്പോർട്ട്.

✪✪✪

ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് അവസാന സൂപ്പർ- 8 മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ വൈകിട്ട് ഏഴിനാണ് മത്സരം. സെമിയിലെത്താൻ ഇന്ത്യയ്ക്ക് ഇന്നത്തെ വിജയം അനിവാര്യമാണ്.

ഇന്നലെ പല്ലേക്കലെ സ്റ്റേഡിയത്തിൽ ശ്രീലങ്കയെ അഞ്ച് റൺസിന് തോൽപ്പിച്ചെങ്കിലും, അവരുടെ സെമി സ്വപ്നങ്ങൾ തകർന്നു. ജയത്തിലൂടെ മൂന്ന് പോയിന്റ് നേടിയെങ്കിലും, ഗ്രൂപ്പ് 2 ലെ മികച്ച റൺ റേറ്റിന്റെ അടിസ്ഥാനത്തിൽ ന്യൂസിലാന്റ് സെമിയിലേക്ക് യോഗ്യത നേടി. ശ്രീലങ്ക നേരത്തെ തന്നെ ടൂർണമെന്റിൽ നിന്ന് പുറത്തായിരുന്നു.

മറ്റൊരു ഗ്രൂപ്പ് -1 മാച്ചിൽ ദക്ഷിണാഫ്രിക്ക, സിംബാംബ്‌വെയെ ഡൽഹിയിൽ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം. ഈ മാസം നാലിനും, അഞ്ചിനുമാണ് സെമിഫൈനൽ. ഫൈനൽ ഈ മാസം എട്ടിനും നടത്തും.

✪✪✪

ISL ഫുട്ബോളിൽ ഇന്റർകാശിക്കെതിരെ കേരള ബ്ലാസ്റ്റേഴ്സിന് പരാജയം. സ്വന്തം തട്ടകമായ കൊച്ചിയിൽ ഒന്നിനെതിരെ രണ്ട്

ഗോളിനാണ് ബ്ലാസ്റ്റേഴ്സിന്റെ തോൽവി. ഇതോടെ സീസണിൽ തുടർച്ചയായ മൂന്നാം തോൽവിയാണ് ബ്ലാസ്റ്റേഴ്സ് നേരിടുന്നത്.

✪✪✪

ഏഷ്യൻ കപ്പ് വനിതാ ഫുട്ബോളിന് ഇന്ന് ഓസ്ട്രേലിയയിൽ തുടക്കമാകും. ഇന്ത്യ ഉൾപ്പെടെ 12 ടീമുകളാണ് ഏഷ്യൻ കപ്പിൽ മൽസരിക്കുന്നത്. അടുത്ത ബുധനാഴ്ച വിയറ്റ്നാമുമായാണ് ഇന്ത്യയുടെ ആദ്യ മൽസരം.

✪✪✪

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 'ക്രിയേറ്റീവ് കോർണറും', ക്രിയേറ്റീവ് ഫെസ്റ്റ് -2026 ഉം തിരുവനന്തപുരത്ത് മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യങ്ങളും, സർഗ്ഗാത്മക ഉൽപ്പന്നങ്ങളും പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനാണ് ക്രിയേറ്റീവ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കുട്ടികൾ നിർമ്മിച്ച ഉത്പന്നങ്ങളും അവരുടെ വൈവേദഗ്ധ്യവും പ്രദർശിപ്പിക്കാൻ ഒരുക്കുന്ന വേദികളാണ് ക്രിയേറ്റീവ് കോർണർ. രണ്ട് ഘട്ടങ്ങളായി 600 സ്കൂളുകളിൽ ക്രിയേറ്റീവ് കോർണറുകൾ ആരംഭിക്കും.

✪✪✪

ആറ്റുകാൽ പൊങ്കാലയ്ക്ക് തിരുവനന്തപുരം റെയിൽവെ സ്റ്റേഷനിൽ ഇന്നു മുതൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. തീർത്ഥാടകരുടെ സൗകര്യം മുൻനിർത്തി കൊല്ലം ഭാഗത്തേക്ക് പോകുന്ന ട്രെയിനുകൾ ഒന്നുമുതൽ നാലു വരെ പ്ലാറ്റ്ഫോമുകളിൽ നിന്നായിരിക്കും യാത്ര പുറപ്പെടുക. നാഗർകോവിൽ ഭാഗത്തേക്ക് അഞ്ചാം നമ്പർ പ്ലാറ്റ്ഫോമിൽ നിന്ന് ട്രെയിനുകൾ പുറപ്പെടും. പ്ലാറ്റ്ഫോമിലേക്ക് പ്രവേശനം നിയന്ത്രിച്ച് മൂന്ന് താൽക്കാലിക ഹോൾഡിംഗ് ഏരിയകൾ ഏർപ്പെടുത്തി. തിരുവന്തപുരം പേട്ട സ്റ്റേഷനിൽ ജനശതാബ്ദിയടക്കം ആറ് ട്രെയിനുകൾക്ക് പ്രത്യേക സ്റ്റോപ്പ് ഉണ്ടായിരിക്കും. ഏതാനും ട്രെയിനുകൾ പുറപ്പെടുന്ന സമയത്തിലും മാറ്റം വരുത്തിയിട്ടുണ്ട്.

✪✪✪

കാസർകോട് മൈലാട്ടി സബ്സ്റ്റേഷനിലെ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നിർമ്മാണം മന്ത്രി K.കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ജില്ലാ ഊർജ വിപ്ലവത്തിന്റെ ഭാഗമായതിൽ

സന്തോഷമുണ്ടെന്നും, കാസർകോട് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പദ്ധതിയിലൂടെ പരിഹാരം കാണാനാകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

മിൽമ മലബാർ മേഖലാ യൂണിയന്റെ ക്ഷീര സംഘ-ക്ഷീര കർഷക അവാർഡുകളും, ധനസഹായവും കോഴിക്കോട്ട് വിതരണം ചെയ്തു. പാലക്കാട്ട് കുന്നങ്കാട്ടുപ്പതി ക്ഷീര സംഘത്തിനാണ് മികവിൽ ഒന്നാം സ്ഥാനം.

മികച്ച പാലുത്പാദിപ്പിക്കുന്ന സംഘമായി ത്രിശിലേരി ക്ഷീര സംഘത്തേയും, മികച്ച BMC സംഘമായി കിഴക്കുംപുറത്തെയും, കൂടുതൽ മിൽമ ഉത്പ്പന്നങ്ങൾ വിറ്റഴിച്ച സംഘങ്ങളായി തേനേരി, വടക്കുംപുറം സൊസൈറ്റികളേയും തെരഞ്ഞെടുത്തു.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജിന കെ*
*DEO : ഷീബ*